**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 188 11-06-12 ൽ മറുപടിക്ക്**

**കാരുണ്യ ലോട്ടറിയിൽ നിന്നുള്ള സഹായം**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ലോട്ടറിയിൽ നിന്നും രോഗികൾക്ക് നൽകിവരുന്ന ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | (എ) | താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കും.<br><br>• വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള കുടുംബം<br>• സർക്കാർ ആശുപത്രികളിലും, പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും ചികിത്സ തേടുന്ന രോഗികൾക്കും ഇപ്പോൾ ധനസഹായം ലഭിക്കും<br>• ഹൃദ്രോഗം, ക്യാൻസർ, വൃക്ക രോഗം, തലച്ചോർ, കരൾ - സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗത്തിലുള്ള ചികിത്സ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും<br>• മുൻകാല ചികിത്സയ്ക്ക് ധനസഹായം ലഭ്യമല്ല.<br>• നിലവിൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിവരുന്നവർക്കും, ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് സർജറി ഉൾപ്പെടെയുള്ള ചികിത്സ നടത്തേണ്ടവർക്കും ചികിത്സാ ധനസഹായം ലഭിക്കും<br><br>നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സാ ചെലവ് എസ്റ്റിമേറ്റ്, |

| | | | |
|---|---|---|---|
| | | | റേഷൻകാർഡിന്റെ പകർപ്പ് രോഗിയുടെയും കുടുംബത്തിന്റെയും ഫോട്ടോ എന്നീ രേഖകളോടുകൂടി അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസ്സർമാർക്ക് സമർപ്പിക്കണം. ഈ അപേക്ഷകൾ ജില്ലതല കമ്മിറ്റിയുടെ ശുപാർശയോടുകൂടി അഡ്മിനിസ്ട്രേറ്റർക്ക് ലഭിക്കുകയും അവ സ്ക്രൂട്ടിനിക്കുശേഷം സംസ്ഥാനതല കമ്മിറ്റിയ്ക്ക് സമർപ്പിച്ച് അംഗീകാരത്തോടു കൂടി ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് ധനസഹായ തുക നൽകുകയും ചെയ്യുന്നു. |
| (ബി) | ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; | (ബി) | പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്നും ഇതുവരെ എത്രപേർക്ക് എത്ര തുക വിതരണം ചെയ്യുവെന്ന് വ്യക്തമാക്കുമോ? | (സി) | ഇരുവരെ വരെ 986 രോഗികൾക്ക് 8,17,54,102/- രൂപ ചികിത്സാ സഹായമായി വിതരണം ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ